(ബി) സംസ്ഥാനത്ത് എവിടെയെല്ലാം എത്ര യൂണിറ്റുകളാണ് ഇപ്രകാരം ആരംഭിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്; ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വിവരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ ഉദ്യമി യോജന സംസ്ഥാനത്ത് നടപ്പിലാക്കാൻ കയർബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. റിമോട്ട് സ്കീം എന്നപേരിൽ XI & XII-ാം പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് കയർ ഉദ്യമി യോജന എന്ന പേരിൽ നടപ്പിൽ വരുത്തുന്നത്.

(ബി) സംസ്ഥാനത്ത് കയർ ഉദ്യമി യോജന പദ്ധതി പ്രകാരം 110 യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് തുടർ നടപടി കയർബോർഡിൽ നിന്നും ഉണ്ടാകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് മന്ത്രാലയം 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ വാർഷിക പദ്ധതിക്കായി കേരളത്തിന് ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കയർ വകുപ്പിലെ കയർ പ്രോജക്ട് ഓഫീസർമാരുടെ സാന്നിദ്ധ്യത്തിലാണ്. ആയതിനുള്ള നടപടികൾ കയർ ബോർഡ് സ്വീകരിച്ചുവരുന്നു.

## സമഗ്ര ടൂറിസം വികസന പദ്ധതി

9 (*638) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി ഏതെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളെയാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ ലക്ഷ്യമാക്കി തീർത്ഥാടന ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ)

(എ&ബി) സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസന പദ്ധതികൾക്കുള്ള നടപടികളാണ് നിലവിൽ ആവിഷ്കരിച്ച് വരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIFB)-ന്റേയും കേന്ദ്ര സർക്കാരിന്റേയും സഹായത്തോടെയുള്ള സമഗ്ര ടൂറിസം വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യ നിക്ഷേപത്തിനായി സാധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 977479 വിദേശ ടൂറിസ്റ്റുകളും 12465571 ആഭ്യന്തര ടൂറിസ്റ്റുകളും ഒരു വർഷത്തിൽ കേരളം സന്ദർശിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ടൂറിസം സെന്ററുകൾ ഭിന്നശേഷി സൗഹൃദമാക്കിയും അടുത്ത 5 വർഷംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50 % വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഇപ്പോൾ 14 ലക്ഷം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അടുത്ത അഞ്ച് വർഷംകൊണ്ട് 4 ലക്ഷത്തിലധികം തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) പ്രധാനപ്പെട്ട മലയോര, കായലോര ടൂറിസം കേന്ദ്രങ്ങൾ, ബീച്ചുകൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ മറ്റ് സാധ്യതയുള്ള ടൂറിസം മേഖലകൾ, പൈതൃക സംരക്ഷിത കേന്ദ്രങ്ങൾ, ബേക്കൽ, തലശ്ശേരി, മുസിരീസ് തുടങ്ങിയ വിവിധ കേന്ദ്രങ്ങളുമാണ് ഈ രീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ മലബാറിന്റെ ടൂറിസം സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താനും അതുവഴി ധാരാളം തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യാനും കഴിയുന്ന തീമാറ്റിക് സർക്യൂട്ടായ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയും നടപ്പാക്കാൻ പ്രാരംഭ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സാഹസിക ടൂറിസത്തിന് സാദ്ധ്യതയുള്ള കേരളത്തിലെ പരാമവധി കേന്ദ്രങ്ങളും വികസിപ്പിക്കാൻ ലക്ഷ്യം വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള വിവിധങ്ങളായ ടൂറിസം സർക്യൂട്ട് പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇത്തരം കേന്ദ്രങ്ങളിൽ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇവയുടെ പൈതൃകവും തനിമയും നിലനിർത്തിക്കൊണ്ടുള്ള വികസനമാണ് ഉദ്ദേശിക്കുന്നത്. പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ ശ്രീ പത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറൻമുള എന്നിവ ഉൾപ്പെടുന്ന കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. മലയാറ്റൂർ, കാലടി പിൽഗ്രിം ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## ലോട്ടറി വില്പന വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടി

10 (*639) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ വില്പന വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജൂൺ 1 മുതൽ നറുക്കെടുക്കുന്ന സംസ്ഥാന ലോട്ടറികളുടെ ടിക്കറ്റ് വില കുറയ്ക്കുവാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സമ്മാനത്തുകയിൽ എന്തെങ്കിലും വർദ്ധനവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) വ്യാജടിക്കറ്റുകളും നമ്പർ തിരുത്തിവരുന്ന ടിക്കറ്റുകളും കണ്ടുപിടിക്കുവാൻ ഉള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-സി) 50 രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില കുടി 30 രൂപയാക്കി കുറച്ചുകൊണ്ടും സമ്മാന ശതമാനത്തിലും സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തിയും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം